# SOCIETY OF ST. VINCENT DE PAUL OUR LADY OF GOOD DEATH, VALIATHOPE



"Humility is nothing but truth, and pride is nothing but lying."
– St. Vincent de Paul

## 2020 ഡിസംബർ മുതൽ 2021 ഡിസംബർ വരെയുള്ള 13 മാസത്തെ പ്രവർത്തന റിപ്പോർട്ട്

# തോഫ് വിൻസെന്റ് ഡി പോൾ സൊസൈറ്റി അംഗങ്ങൾ

| Sl. No. | Name | Designation | Mobile Number |
|---|---|---|---|
| 1 | Sebastian Clement | President | 9744691548 |
| 2 | Ignatious Vincent | Vice President | 9847318936 |
| 3 | Benchamin Stephen | Secretary | 9847729980 |
| 4 | Cleetus Martin | Treasurer | 9567043822 |
| 5 | John Cruz | Member | 7907296674 |
| 6 | Tomson Abilius | Member | 9846025287 |
| 7 | Jerald John Cruz | Member | 7907252118 |
| 8 | John Bosco D’Cruz | Member | 8547305672 |
| 9 | Cajetan Miranda | Member | 9447458321 |
| 10 | Tom Jacob | Member | 9061608343 |
| 11 | Samson Rozario | Member | 7025432632 |
| 12 | Boban Kumar | Member | 9746648017 |
| 13 | Sabu | Member | 7736392065 |
| 14 | Alex Fernandez | Senior member | 7736491493 |

Spiritual Advisor cum Parish Priest - Rev. Dr. Hyacinth M Nayakam

Asstt. Parish Priest - Rev. Fr. Baburaj

# ആമുഖം



കോവിഡിന്റെ 2 –ാം തരംഗവും ടൗട്ടേ ചുഴലികാറ്റും കാരണം അനിശ്ചിതത്വത്തിന്റെയും വിനാശത്തിന്റെയും കാലഘട്ടത്തിലൂടെയാണ് കഴിഞ്ഞ വർഷം കടന്നുപോയത്. അതുകൊണ്ടുതന്നെ നാല് വർഷം മാത്രം പ്രായമുള്ള ഈ സൊസൈറ്റിയുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ തുക (ഏകദേശം 19 ലക്ഷം രൂപ) ദൈവ ജനത്തിനായി റിപ്പോർട്ട് വർഷത്തിൽ ചെലവാക്കുകയുണ്ടായി.

## യോഗങ്ങൾ, സന്ദർശനങ്ങൾ

Lockdown കാരണം യോഗങ്ങൾ കൂടുന്നതിനും പുറത്തിറങ്ങി പ്രവർത്തിക്കുന്നതിനും നിയന്ത്രണങ്ങൾ ഉണ്ടായിരുന്നുവെങ്കിലും റിപ്പോർട്ട് വർഷത്തിൽ 50 തവണ യോഗം ചേരുകയുണ്ടായി. ഇതിൽ 4 യോഗങ്ങൾ ഓൺലൈനായി കൂടുകയുണ്ടായി. ഈ കാലയളവിൽ അഗതിമന്ദിരങ്ങളും ദുരിതബാധിത ഇടവകകളുമുൾപ്പെടെ 15 സ്ഥാപനങ്ങൾ ഒന്നിലധികം തവണ സന്ദർശിക്കുകയുണ്ടായി.

## കോവിഡിന്റെ 2-ാം തരംഗവും ടൗട്ടേ ചുഴലികാറ്റും വഴിയുണ്ടായ ദുരന്തങ്ങളിൽ ആശ്വാസമായ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ 2020 മേയ് മുതൽ നവംബർ വരെ

• • • • • • • • •

തിരുവനന്തപുരം ജില്ലയിൽ പൊഴിയൂർ കൊല്ലംകോട് മുതൽ അഞ്ചുതെങ്ങ് – മാമ്പള്ളി വരെയുള്ള തീരദേശവാസികളിൽ നൂറ് കണക്കിന് കുടുംബങ്ങൾ ഈ ചുഴലിക്കാറ്റിലും തീരശോഷണത്തിലും ഭവനരഹിതരായി. ഇതോടൊപ്പം തുടരെ തുടരെയുണ്ടായ ന്യൂനമർദ്ദങ്ങളും കോവിഡിന്റെ 2 – ാം തരംഗവും കാരണം തീരദേശവാസികൾ തൊഴിൽ നഷ്ട്ടപ്പെട്ട് ദാരിദ്ര്യത്തിന്റെ മുൾമുനയിലായി.

മൽസ്യബന്ധനത്തിലൂടെയും, മത്സ്യകച്ചവടത്തിലൂടെയും ജീവിതം തള്ളിനീക്കിയ മത്സ്യതൊഴിലാളികൾ ഭവനങ്ങളും, മൽസ്യബന്ധന ഉപകരണങ്ങളും നഷ്ട്ടപ്പെട്ട് തെരുവിലേക്ക് ഇറക്കപ്പെട്ടു. കൊച്ചുതോപ്പ്, വലിയതോപ്പ് ഗ്രാമങ്ങളിൽ നിന്ന് മാത്രം ഏകദേശം 47 കുടുംബങ്ങളെ തോപ്പ് സെന്റ്. റോക്സ് സ്കൂളിലും 9 കുടുംബങ്ങളെ വലിയതുറ മാരിടൈം ബോർഡ് ഓഫീസ് പരിസരത്തുള്ള ഗോഡൗണിലെ ക്യാമ്പിലേക്കും അടിയന്തിരമായി മാറ്റുകയായിരുന്നു. ഇപ്രകാരം വഴിയാധാരമായ ഈ കുടുബംഗങ്ങളെ മാറ്റി താമസിപ്പിക്കുന്നതിനും അവർക്ക് വേണ്ട സഹായം എത്തിക്കുന്നതിനും തോപ്പ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ നിസ്വാർത്ഥമായ പ്രവർത്തനങ്ങൾ സാന്ത്വനവും, മാതൃകയുമായി മാറി. ഇതിന്റെ ഫണ്ട് സമാഹരണത്തിനായി നടത്തിയ യജ്ഞത്തിന്റെ ഫലമായി സ്വദേശത്തും വിദേശത്തുമുള്ള ഏകദേശം എഴുപതോളം സുമനസ്സുകളിൽ നിന്നും 12 ലക്ഷം രൂപ സമാഹരിക്കുവാൻ കഴിഞ്ഞു.

# കടൽക്ഷോഭത്തിൽ ഭവനരഹിതരായ തോപ്പ് ഇടവകയിലെ ദരിദ്ര കുടുംബങ്ങൾക്കുള്ള അടിയന്തിര സഹായം.



1. തോപ്പ് ഇടവകയിൽ കടൽക്ഷോഭത്തിൽ പൂർണ്ണമായും ഭാഗീകമായും ഭവനം നഷ്ട്ടപ്പെട്ട കുടുംബങ്ങളുടെ ഒരു ലിസ്റ്റ് തയ്യാറാക്കുവാനും നഷ്ട്ടങ്ങളുടെ ആഘാതം എത്ര എന്ന് മനസിലാക്കുവാനും വിൻസെന്റ് ഡി പോൾ സൊസൈറ്റി ഒരു സബ് കമ്മിറ്റിക്ക് രൂപം നൽകുകയും അവർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് പ്രകാരം ഭവനം പൂർണ്ണമായി നഷ്ട്ടപ്പെട്ട 20 കുടുംബങ്ങൾക്ക് 5,000/- രൂപ വീതം (20 X 5,000) 100,000/- രൂപയും ഭാഗീകമായി നഷ്ട്ടപ്പെട്ട 14 കുടുംബങ്ങൾക്ക് 2,500/- രൂപ വീതം (14 X 2500) 35,000/- രൂപയും ചേർത്ത് അകെ 1,35,000 /- രൂപ ഈ ഇനത്തിൽ അടിയന്തിര സഹായമായി നൽകുകയുണ്ടായി.



2. കൽക്ഷോഭത്തിൽ ഭവനം നഷ്ട്ടപ്പെട്ട ഒരുകുടുംബത്തിലെ ഒരംഗം കിടപ്പിലായ ക്യാൻസർ രോഗിയും, കുടുംബത്തിലെ മറ്റംഗങ്ങൾക്കെല്ലാം കോവിഡ് സ്ഥിരീകരിക്കുകയും ചെയ്തതിനാൽ മറ്റൊരു ഭവനത്തിലേക്ക് മാറുവാൻ കഴിയാതെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി ബോധ്യപ്പെട്ടതിന്റെ വെളിച്ചത്തിൽ വാടക വീട്ടിൽ മാറി താമസിക്കുന്നതിനും ചികിൽസ ചെലവിനുമായി 10,000 /-രൂപ ആ കുടുംബത്തിന് നൽകി സഹായിച്ചു.

# കടൽക്ഷോഭത്തിൽ ഭവനരഹിതരായി ദുരിതാശ്വാസ ക്യാമ്പിൽ എത്തിയ കുടുംബങ്ങൾക്കുള്ള അടിയന്തിര സഹായം.

1. വലിയതോപ്പ്, കൊച്ചുതോപ്പ് ഇടവകയിൽ നിന്ന് സെന്റ്. റോക്സ് കോൺവെന്റിലെ ക്യാമ്പിൽ താമസിച്ചിരുന്ന 47 കുടുംബങ്ങൾക്ക് ക്യാമ്പിൽ പാൽ, മുട്ട, ചിക്കൻ എന്നിവ വാങ്ങി നൽകുകയുണ്ടായി. ഈ ഇനത്തിൽ 24723/- രൂപ ചിലവഴിച്ചു. ഇതിനായി സാമ്പത്തികമായി സഹായിച്ചത് വലിയതുറ മേഖല കൗൻസിൽ വഴി സെൻട്രൽ കൗൻസിലാണ്.
2. ക്യാമ്പിൽ കഴിയുന്ന കുടുംബങ്ങൾക്ക് Paste, Soap, തേയില, പഞ്ചസാര എന്നിവ വാങ്ങി നൽകിയ ഇനത്തിൽ 3,863/-രൂപ ചിലവഴിച്ചു.
3. കോവിഡ് വ്യാപനത്തിൽ നിന്ന് ക്യാമ്പിലെ കുടുംബങ്ങളെ സംരക്ഷിക്കുവാൻ മാസ്ക്, സാനിറ്റൈസർ എന്നിവ വാങ്ങി നൽകിയ ഇനത്തിൽ 4850/- രൂപ ചിലവഴിച്ചു.



4. ക്യാമ്പിൽ കഴിയുന്നവരെ സഹായിക്കുവാനായി പലവ്യക്തികളെയും സൊസൈറ്റി സമീപിച്ചതിന്റെ വെളിച്ചത്തിൽ പല വ്യക്തികളും വിൻസെന്റ് ഡി പോളിന്റെ സഹകരണത്തിൽ ക്യാമ്പ് സന്ദർശിക്കുകയും അവർക്ക് ബിസ്ക്കറ്റും ചെറിയ തോതിൽ സാമ്പത്തിക സഹായവും നൽകുവാൻ കഴിഞ്ഞു.
5. ക്യാമ്പിൽ ഗർഭണിയായ ഒരു കുട്ടിയുടെ പ്രസവസമയമാവുകയും ഹോസ്പിറ്റലിൽ പോകുവാനോ, സ്കാനിംഗ് ചെയ്യുവാനോ കഴിയാതെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് ബോധ്യമായതിനാൽ അടിയന്തിരമായി 2,500/-രൂപ ആ കുട്ടിക്ക് പ്രസവ ചെലവുകൾക്കായി നൽകുകയുണ്ടായി. അതോടൊപ്പം ക്യാമ്പിൽ കഴിഞ്ഞിരുന്ന ഒരു കുടുംബത്തിലെ 18 വയസുള്ള പെൺകുട്ടിക്ക് മാനസികരോഗ ചികിൽസയ്ക്കായും, മരുന്നിനായും മാസം തോറും 2000/- രൂപ നൽകിവരുന്നു.



6. ദുരിതാശ്വാസ ക്യാമ്പിലെ രോഗികൾക്ക് മരുന്ന് വാങ്ങി നൽകിയ ഇനത്തിൽ 3715/- രൂപ ചിലവഴിച്ചു. ഈ തുകയും സെൻട്രൽ കൗൺസിലിൻെറ സാഭാവനയാണ്.
7. ക്യാമ്പിൽനിന്നും മാറി മറ്റൊരു വാടക വീട്ടിൽ താമസിക്കുവാൻ ശ്രമിച്ച 2 കുടുംബങ്ങൾക്കും കോവിഡ് കാരണം ദാരിദ്ര്യമനുഭവിക്കുന്ന ഒരു ഹൈന്ദവ കുടുംബത്തിനും വീട്ട് വാടകയായി മാസം 2,500 /- രൂപാവീതം 2 മാസം നൽകുവാൻ കഴിഞ്ഞു. ഇതിനായി 15000/- രൂപ ചിലവഴിച്ചു.

8. ഭാഗീകമായി ഭവനം നഷ്ട്ടപ്പെട്ട് ക്യാമ്പിൽ കഴിഞ്ഞിരുന്ന ഒരു കുടുംബം തിരിച്ച് ഭവനത്തിൽ താമസത്തിന് പോകുവാൻ തയ്യാറാവുകയും വീടിന് വാതിൽ ഇല്ലാത്തതിനാൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി മനസിലാക്കുകയും ചെയ്ത സാഹചര്യത്തിൽ വാതിൽ വാങ്ങി പണി ചെയ്ത് നൽകിയ ഇനത്തിൽ 4,500/- രൂപ ചിലവഴിച്ചു.
9. വലിയതുറ ഗോഡൗണിലെ ക്യാമ്പിൽ ബാത്ത്റൂമിന്റെ വാതിലുകൾ ശരിയല്ലാത്തതിനാലും പരിസരം വൃത്തിഹീനമായി കിടന്നിരുതിനാലും സ്ത്രീകൾക്ക് ബാത്ത്റൂം ഉപയോഗിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെട്ടതായി ബോധ്യപ്പെട്ടതിന്റെ വെളിച്ചത്തിൽ അവിടെ വൃത്തിയാക്കി വാതിൽ ശരിയാക്കി നൽകിയ ഇനത്തിൽ 11460/- രൂപ ചിലവഴിച്ചു.

# കടൽക്ഷോഭം കാരണം ഭവനവും തൊഴിലും നഷ്ട്ടപ്പെട്ട മറ്റ് ഇടവകകളിലെ കുടുംബങ്ങൾക്ക് നൽകിയ സഹായങ്ങൾ

കടൽക്ഷോഭവും തീരശോഷണവും കാരണം ഭവന രഹിതരായ ഭൂരിപക്ഷം മൽസ്യതൊഴിലാളികൾ അധിവസിക്കുന്ന മാമ്പള്ളി, അഞ്ചുതെങ്ങ്, പരിത്തിയൂർ, പൊഴിയൂർ ഇടവകകൾ കൂടാതെ ദരിദ്രരായ മൽസ്യതൊഴിലാളികൾ ഏറെയുള്ള ജനസാന്ദ്രതയേറിയ പൂന്തുറ ഇടവകയിലെയും നിർധനരായ കുടുംബങ്ങളെ അതാത് ഇടവകകളിലെ വിൻസെന്റ് ഡി പോൾ സൊസൈറ്റി ഭാരവാഹികളുടെ സഹായത്തോടെ കണ്ടെത്തുകയും താഴെ പറയുന്ന സഹായങ്ങൾ എത്തിക്കുകയും ചെയ്തു.

1. അഞ്ചുതെങ്ങ് ഇടവകയിൽ ദാരിദ്ര്യമനുഭവിക്കുന്ന 3 രോഗികൾക്ക് ചികിൽസ സഹായം നൽകിയ ഇനത്തിൽ 15,000/- രൂപയും Online-ൽ പഠനം നടത്തുവാൻ കഴിയാത്ത 4 നിർധനരായ കുട്ടികൾക്ക് മൊബൈൽ ഫോൺ വാങ്ങിനൽകിയതിൽ 28,641 /- രൂപ ചിലവഴിച്ചു. ആകെ 43631 / രൂപയുടെ സഹായം നൽകുകയുണ്ടായി.



2. മാമ്പള്ളി ഇടവകയിൽ സാന്ത്വന സഹായമായി 56481 രൂപ ചിലവഴിച്ചു. കടലിൽ മരണപ്പെട്ട 3 പേർക്ക് 5000/- രൂപ വീതവും, കടൽക്ഷോഭത്തിൽ ഭവനം നഷ്ട്ടപ്പെട്ട 13 പേർക്ക് 2,000/- രൂപ വീതവും, നിർധനരായ 8 രോഗികൾക്ക് 1 മാസത്തെ മരുന്നും (15,481 രൂപ) വാങ്ങി നൽകുകയുണ്ടായി.



3. പരിത്തിയൂർ കൊല്ലംകോട്, പൊഴിയൂർ കൊല്ലംകോട് ഇടവകയിൽ 48,994/- രൂപ ചിലവഴിച്ചു. മൊബൈൽ ഇല്ലാത്തതിനാൽ ഓൺലൈൻ ക്ലാസ്സിന് പങ്കെടുക്കാൻ കഴിയാത്ത നിർധനരായ 4 കുട്ടികൾക്ക് 31,200/- രൂപ ചിലവഴിച്ച് മൊബൈൽ ഫോൺ വാങ്ങി നൽകി. അതോടൊപ്പം 7 നിർധന രോഗികൾക്ക് 1 മാസത്തെ മരുന്ന് വാങ്ങിയ ഇനത്തിൽ 17,794/- രൂപ ചിലവഴിച്ചു.



4. പൂന്തുറ ഇടവകയിൽ ആകെ 50622/- രൂപ ചിലവഴിച്ചു. രോഗികൾക്ക് ഒരു മാസത്തെ മരുന്നും ചികിൽസക്കുള്ള സാമ്പത്തിക സഹായവുമായി 29142/- രൂപ നൽകുകയുണ്ടായി. അതോടൊപ്പം Online Class-ൽ പങ്കെടുക്കാൻ കഴിയാത്ത 3 കുട്ടികൾക്ക് 21480/- രൂപ ചിലവഴിച്ച് മൊബൈൽ ഫോണും വാങ്ങി നൽകുകയുണ്ടായി.

# കോവിഡ് മൂലം ഇടവകയിലും പരിസരത്തും ദാരിദ്ര്യമനുഭവിക്കുന്നവർക്കായി നൽകിയ സഹായങ്ങൾ.

1. തോപ്പ് ഇടവകയിൽ 112 ദരിദ്ര കുടുംബങ്ങൾക്ക് 1000/- രൂപ വച്ച് നൽകിയ ഇനത്തിൽ 1,12,000/- രൂപ ചിലവഴിച്ചു.





2. തോപ്പ് പരിസരത്തുള്ള മറ്റു മതങ്ങളിൽപ്പെട്ടവർക്കും മറ്റു ഇടവകയിലെ ദാരിദ്ര്യമനുഭവിക്കുന്ന കുടുംബങ്ങൾക്കും കിറ്റ് വിതരണം ചെയ്തു. ബാലനഗർ 28, കുഴിവിളാകം 16, വലിയതുറ 21, എഫ്. സി. ഐ സുലൈമാൻ സ്ട്രീറ്റ് – 30, ബംഗ്ലാദേശ് കോളനി, വയ്യാമൂല, വള്ളക്കടവ് – 50, ചെറിയതുറ 25 മൊത്തം 172 കിറ്റ് നൽകിയ ഇനത്തിൽ 1,47,601/- രൂപ ചിലവഴിച്ചു.



3. തോപ്പ് വിൻസെന്റ് ഡി പോൾ സൊസൈറ്റി ദത്തെടുത്ത് മാസം സാമ്പത്തിക സഹായം നൽകിവരുന്ന കുടുംബങ്ങളിൽ കോവിഡ് കാരണം ജീവിതം കൂടുതൽ ബുദ്ധിമുട്ടാണെന്ന് മനസ്സിലാക്കിയതിന്റെ വെളിച്ചത്തിൽ 6 കുടുംബങ്ങൾക്ക് 5,000/- രൂപ വീതവും 5 കുടുംബങ്ങൾക്ക് 2,500/- രൂപ വീതവും നൽകി. ഈ ഇനത്തിൽ ആകെ 42,500/- രൂപ ചിലവഴിച്ചു.

# ചികിൽസ സഹായം

1. തോപ്പിലെ നിർധനരായ രോഗികൾക്ക് മരുന്ന് വാങ്ങി നൽകിയ ഇനത്തിൽ 61925/- രൂപ ചിലവഴിച്ചു.

2. ഒരു ക്യാൻസർ രോഗിക്ക് അടിയന്തിര സഹായമായി 5,000/- രൂപ നൽകി.

3. ജനറൽ ഹോസ്പിറ്റലിലെ കോവിഡ് വാർഡുകളിൽ സാനിറ്റൈസർ, മാസ്ക് എന്നിവയുടെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി മനസ്സിലാക്കിയതിന്റെ വെളിച്ചത്തിൽ 5200/- രൂപക്ക് അവ വാങ്ങി R.M.O ക്ക് കൈമാറി.

4. ശക്തമായ രക്തസ്രാവം കാരണം ബുദ്ധിമുട്ട് അനുഭവിക്കുന്ന ഒരു രോഗിയുടെ സർജറിയുടെ ആവശ്യത്തിനായി 10,000/- രൂപ നൽകി സഹായിച്ചു.

5. കൊച്ചുതോപ്പിലും, ബാലനഗറിലും നിർധനരായ രോഗികൾക്ക് മരുന്ന് വാങ്ങിനൽകിയ ഇനത്തിൽ 34,895/- രൂപ ചിലവഴിച്ചു.

6. ശ്രീ. ചിത്തിരനഗറിൽ ഒരു രോഗിക്ക് മരുന്ന് നൽകിയ ഇനത്തിൽ 981/- രൂപ ചിലവഴിച്ചു.

7. തലയിൽ ട്യൂമർ വളർന്ന് സർജറി നടത്തി ഇടത് കൈയും ഇടത് കാലും തളർന്ന് കിടപ്പിലായ 18 വയസ്സുള്ള ഒരു കുട്ടിക്ക് ചികിൽസക്കായി 10,000/- രൂപ നൽകി സഹായിച്ചു.

8. ഒരു കുടുംബം വിൻസെന്റ് ഡി പോൾ സൊസൈറ്റിക്ക് സംഭാവനയായി നൽകിയ I.C.U Bed ആവശ്യം കഴിഞ്ഞ് തിരിച്ച് നൽകണമെന്ന വ്യവസ്ഥയിൽ ഒരു ക്യാൻസർരോഗിക്ക് നൽകുകയുണ്ടായി. ഈ I.C.U Bed മെയിന്റെനൻസ് ചെയ്ത ഇനത്തിൽ 2350/- രൂപ ചിലവഴിച്ചു.

# വിദ്യാഭ്യാസ പ്രവർത്തനം

1. Smart Phone ഇല്ലാത്തതിനാൽ ഓൺലൈൻ ക്ലാസിന് പങ്കെടുക്കാൻ കഴിയാത്ത നിർധനരായ കുട്ടികൾക്ക് സെന്റ്. റോക്സ് പൂർവ്വ വിദ്യാർത്ഥികളുമായി സഹകരിച്ച് (14+12=26) മൊബൈൽ ഫോൺ വാങ്ങിനൽകിയ ഇനത്തിൽ 78,760/- രൂപ ചിലവഴിച്ചു. ഇതിൽ ഒരു ഫോണിനുള്ള 7160 രൂപ സെൻട്രൽ കൗൻസിലിൻെറ സാഭാവനയാണ്.

2. ദാരിദ്ര്യമനുഭവിക്കുന്ന ഒരു കുട്ടിക്ക് സെന്റ്. സേവ്യേഴ്സ് കോളേജിൽ അഡ്മിഷൻ ലഭിക്കുകയും ഫീസ് അടയ്ക്കുവാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി ബോധ്യപ്പെട്ടതിന്റെ വെളിച്ചത്തിൽ ഫീസ് അടയ്ക്കുവാനായി 10,000/- രൂപ സഹായം നൽകി. ബോക്സിംഗ് വിഭാഗത്തിൽ ഉന്നത വിജയിയായ തോപ്പ് ഇടവകയിലെ ഒരു കുട്ടിക്ക് തുടർന്നുള്ള പരിശീലനത്തിനു പോകുന്നതിന് കുടുംബത്തിലെ ദാരിദ്ര്യം കാരണം സാധിക്കാതെ വന്നപ്പോൾ ആ കുട്ടിക്ക് ബോക്സിംഗ് കിറ്റ് വാങ്ങിനൽകി. ഇതിനായി 7156/- രൂപ ചിലവഴിച്ചു.

3. വിൻസെന്റ് ഡി പോൾ സൊസൈറ്റി സഹായത്തോടെ മരിയൻ എഞ്ചിനീയറിംഗ് കോളേജിൽ നിന്ന് പഠനം പൂർത്തിയാക്കി ബാംഗ്ലൂർ I.T Company- യിൽ ജോലി ലഭിക്കുകയും എന്നാൽ സ്വന്തമായി ലാപ്ടോപ് ഇല്ലാത്തതിനാൽ ജോലിയിൽ പ്രവേശിക്കുവാൻ സാധിക്കാതിരിക്കുകയും ചെയ്ത പശ്ചാതലത്തിൽ ലാപ്ടോപ് വാങ്ങുവാൻ ബുദ്ധിമുട്ട് അനുഭവപ്പെട്ട ഉദ്യോഗാർദ്ധിക്ക് അംഗങ്ങളിൽ നിന്ന് ധനം സ്വരൂപിച്ചും ഫണ്ടിൽ നിന്നും ബാക്കിതുക കണ്ടെത്തിയും പലിശ രഹിത വായ്പയായി 70,650/- രൂപയ്ക്ക് ലാപ്ടോപ്പ് വാങ്ങിനൽകി. അതിനോടൊപ്പം യാത്രയ്ക്കുള്ള ഒരുക്കത്തിനായി അടിസ്ഥാന ആവശ്യത്തിനുള്ള സാധനങ്ങൾ വാങ്ങി നൽകുകയും ചെയ്തു. ഈ ഇനത്തിൽ 7,250/- രൂപയും ചിലവഴിച്ചു.






# മറ്റ് പ്രവർത്തനം / അഗതി മന്ദിരങ്ങൾ

1) ശാസ്തവട്ടം Old age Home ൽ ഒരു മാസത്തെ പലവജ്ഞന സാധനം വാങ്ങി നൽകിയ ഇനത്തിൽ 14,142/- രൂപ ചിലവഴിച്ചു.

2) മൺവിള സാന്ത്വന ഓർഫണേജിൽ അവർക്ക് ആവശ്യമായ സാധനവും പലവ്യജ്ഞന സാധനവും വാങ്ങിനൽകിയ ഇനത്തിൽ 14,140/-രൂപ ചിലവഴിച്ചു.

2) വിൻസെന്റ് ഡി പോൾ സൊസൈറ്റി തിരുവനന്തപുരം കേന്ദ്ര കമ്മിറ്റി കോവളം ആഴാകുളത്ത് നടത്തിവരുന്ന അന്തേവാസികളുടെ ഭവനത്തിൽ ഒരു Grinder Machine- ഉം ഒരു മാസത്തെ പലവജ്ഞന സാധനങ്ങളും വാങ്ങി നൽകിയ ഇനത്തിൽ 22,163/- രൂപ ചിലവഴിച്ചു.



3) വലിയതുറ ഫെറോന നിരാലംബരായ ദരിദ്രർക്ക് ഒരു ദിവസം ഒരു നേരത്തെ ഭക്ഷണം നൽകുന്ന മന്ന എന്ന പദ്ധതിക്ക് പലവ്യജ്ഞന സാധനങ്ങൾ വാങ്ങി നൽകിയ ഇനത്തിൽ 15674/- രൂപ ചിലവഴിച്ചു.

4) മകളുടെ വിവാഹ ചെലവുകൾക്ക് പ്രയാസമുള്ള 2 കുടുംബങ്ങൾക്ക് വിവാഹ ചെലവുകൾക്കായി 5000/- രൂപ വീതം ആകെ 10000/- രൂപ നൽകി സഹായിച്ചു.

ഇതോടൊപ്പം സാധാരണ നിലയിൽ നടത്താറുള്ള നിരവധിയായ കാരുണ്യ പ്രവർത്തനങ്ങൾ വഴി ഒട്ടേറെ കുടുംബങ്ങൾക്ക് അവരുടെ അത്യാവശ്യ ഘട്ടത്തിൽ അത്താണിയാകുവാൻ ദൈവ കൃപയാൽ തോപ്പ് വിൻസെന്റ് ഡി പോൾ സൊസൈറ്റിക്ക് കഴിഞ്ഞു. ആയത് ചുവടെ ചേർക്കുന്നു.

1. **ക്രിസ്തുമസ് കിറ്റ്:** ദാരിദ്ര്യവും രോഗാവസ്ഥയും കാരണം ക്രിസ്തുമസ് ആഘോഷിക്കാൻ കഴിയാത്ത കുടുംബങ്ങൾക്ക് എല്ലാ വർഷവും പലവ്യഞ്ജന കിറ്റ് നൽകിവരുന്നു. 2020 ഡിസംബറിൽ 24 ന് 120 കുടുംബങ്ങൾക്കും 2021 ഡിസംബറിൽ 24 ന് 155 കുടുംബങ്ങൾക്കും പലവ്യജ്ഞന കിറ്റ് വിതരണം ചെയ്തു. ഈ ദരിദ്ര കുടുംബങ്ങൾക്കും ആത്മാഭിമാനത്തോടെ ക്രിസ്തുമസ് ആഘോഷിക്കാൻ അവസരമൊരുക്കി ഇതിനായി 2020 ൽ 1,09,372 രൂപയും 2021 ൽ ഏകദേശം 1,58,468 രൂപയും ചിലവാക്കി.

2. ദത്ത് കുടുംബ സഹായം: റിപ്പോർട്ട് കാലയളവിൽ 15 കുടുംബങ്ങളെ പ്രതിമാസം നിശ്ചിത തുക നൽകി സഹായിച്ചുവരുന്നു. ഇതിൽ 5 കുടുംബങ്ങൾക്ക് ചികിൽസാ ചെലവുകൾക്കും 3 കുടുംബങ്ങൾക്ക് വിദ്യാഭ്യാസ ചെലവുകൾക്കും 7 കുടുംബങ്ങൾക്ക് ഭക്ഷണ ചെലവുകൾക്കുമാണ് ഈ സഹായം നൽകി വരുന്നത്. ശരാശരി 21000 രൂപ പ്രതിമാസം ഇവർക്കായി നൽകി സഹായിച്ചുവരുന്നു. റിപ്പോർട്ട് കാലയളവിൽ ആകെ 271042/ രൂപ ഇതിനായി ചിലവഴിച്ചു.

3. വിദ്യഭ്യാസ സഹായം: +2 കഴിഞ്ഞ് സാമ്പത്തിക പ്രതിസന്ധി കാരണം ഉപരി പഠനം വഴി മുട്ടിയ 6 കുട്ടികൾക്ക് ഫീസ് അടക്കുന്നതിന് സാമ്പത്തിക സഹായം നൽകി വരുന്നു. റിപ്പോർട്ട് കാലയളവിൽ 60816 രൂപ ഇതിനായി ചിലവഴിച്ചു.

4. വാർദ്ധക്യത്തിൽ ഒറ്റപ്പെട്ട് ചെറ്റകുടിലിൽ താമസിച്ചിരുന്ന ഒരമ്മയുടെ ചെറ്റകുടിൽ തകർന്നുപോയപ്പോൾ പ്രസ്തുത വീട് പുനർ നിർമ്മിച്ചു നൽകി. ഇതിനായി 20518 രൂപ ചിലവഴിച്ചു.

5. അഗതി മന്ദിര സന്ദർശനം: ശാസ്തവട്ടം Oldage Home, മൺവിള സാന്ത്വന കാരുണ്യ ഭവൻ, പൂന്തുറ കാർഗിൽ ചാരിറ്റബിൽ ട്രസ്റ്റ് എന്നീ സ്ഥാപനങ്ങൾ സന്ദർശിച്ചു. ഈ സ്ഥാപനങ്ങളിലേക്ക് അവശ്യമായ പലവ്യജ്ഞനങ്ങൾ, മറ്റ് ഉപകരണങ്ങൾ, ഷെഡ് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം എന്നിവ നൽകി. ഇതിനായി 49193 രൂപ ചിലവഴിച്ചു.

6. **ചികിൽസ സഹായം:** കൊച്ചുതോപ്പ് ഇടവകയിലെ ദരിദ്ര കുടുംബത്തിലെ ഒരു കുട്ടി (Food Ball Player) അപകടത്തിൽ കാലൊടിഞ്ഞ് കിടപ്പിലായപ്പോൾ ചികിൽസ ചെലവുകൾക്കായി 10000 രൂപ നൽകി. അതോടൊപ്പം ചികിൽസക്കായി മെഡിസിൻ വാങ്ങാൻ കഴിയാതിരുന്ന 42 രോഗികൾക്ക് 42702 രൂപയുടെ മെഡിസിൻ വാങ്ങി നൽകി.

7. കടൽക്ഷോഭത്തിൽ ഭവനരഹിതരായി ദുരിതാശ്വാസ ക്യാമ്പിൽ കിടന്നിരുന്ന ഒരു കുടുംബത്തെ ദുരിതാശ്വാസ ക്യാമ്പിൽ നിന്നും മാറ്റിയപ്പോൾ അവർ വാടക വീടിലേക്ക് മാറുവാൻ നിർബന്ധിതരായി. തുടർന്ന് വാടക നൽകാനാകാതെ വാടകക്കാരൻ കുടിയിറക്കുന്ന ഘട്ടം വന്നപ്പോൾ കടൽക്ഷോഭത്തിൽ തകർന്ന വീട്ടിൽ തിരികെ പോകാൻ നിർബന്ധിതരായി. എന്നാൽ ഇടിഞ്ഞ് വീഴാറായ ആ വീട്ടിൽ വാതിലും കക്കൂസും ഇല്ലായിരുന്നു. ഈ കുടുംബത്തിന് അടിയന്ധിരമായി കക്കൂസ് നിർമ്മിച്ചു നൽകി. ഇതിനായി ഏകദേശം 14000 രൂപ ചിലവഴിച്ചു.

8. കുന്നിൻപുറം ഇടവകയിലെ നിർധനരായ രോഗികൾക്ക് മെഡിസിനും തുടർ വിദ്യാഭ്യാസത്തിന് സാമ്പത്തികമായി ബുദ്ധിമുട്ടിയ കുട്ടികൾക്ക് സാമ്പത്തിക സഹായവും നൽകി. ഇതിനായി 15951 രൂപ ചിലവഴിച്ചു.

9. തീരദേശത്തെ പാവപ്പെട്ട കുട്ടികൾ താമസിച്ചു പഠിക്കുന്ന മൺവിള ബോയ്സ് ടൗൺ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടു പോകുന്നതിന് പ്രയാസപ്പെട്ടപ്പോൾ 21539 രൂപയുടെ പല വ്യഞ്ജന സാധനങ്ങൾ വാങ്ങി നൽകുകയുണ്ടായി.

10. വിൻസെന്റ് ഡി പോൾ സൊസൈറ്റി പ്രവർത്തനങ്ങളുടെ അരൂപി അംഗംങ്ങളുടെ കുടുംബാംഗങ്ങൾക്കും ലഭിക്കുന്നതിന് കുടുംബാംഗങ്ങളെ ഉൾപ്പെടുത്തിയുള്ള ഒരു കുടുംബ സംഗമം നടത്തി. ഇതിനായി 26635 രൂപ ചിലവഴിച്ചു.

11. **Blood Test Camp:** ജീവിത ശൈലി രോഗങ്ങളായ BP, Diabetic, Cholostrol തുടങ്ങിയ രോഗങ്ങൾക്ക് Routine Check up ആവശ്യമുള്ള രോഗികൾക്ക് Lockdown കാരണം ലാബുകളിലേക്ക് പോകാൻ കഴിയാതിരുന്ന സാഹചര്യത്തിൽ തിരുവനന്തപുരം റോട്ടറി ക്ലബ്ബുമായി ചേർന്ന് വളരെ കുറഞ്ഞ ചെലവിൽ Blood Test നാട്ടിൽ തന്നെ ചെയ്യുന്നതിനുള്ള ക്രമീകരണം ചെയ്തു. തോപ്പ് ഇടവകയിലെ ഏകദേശം 80 രോഗികൾ ഈ സൗകര്യം നാല് മാസം തുടർച്ചയായി പ്രയോജനപ്പെടുത്തുകയുണ്ടായി. ഇതിനായി 1540 രൂപ ചിലവഴിച്ചു.

12. വലിയതുറ ലീജിയൻ ഓഫ് മോരി സഭ ആരംഭിക്കുന്ന തയ്യൽ പരിശീലന യൂണിറ്റിന് 13600 ചെലവാക്കി 2 തയ്യൽ മെഷീൻ വാങ്ങി നൽകുകയുണ്ടായി.

ഇത്തരത്തിൽ ഒട്ടനവധി പ്രവർത്തനങ്ങൾ നടത്തുവാൻ ഞങ്ങളെ പ്രാപ്തരാക്കിയ സ്വർഗസ്ഥനായ പിതാവിനോട് നന്ദി അർപ്പിക്കുന്നു. മേൽപറഞ്ഞ പ്രവർത്തനങ്ങൾക്ക് പ്രാർത്ഥനാശംസകളും സാമ്പത്തിക സഹായവും നൽകിയ സുമനസ്സുകൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും സഹായം സ്വീകരിച്ച മുഴുവൻ കുടുംബങ്ങൾക്കും തോപ്പ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കുടുംബത്തിന്റെ അകമഴിഞ്ഞ നന്ദിയും പ്രാർത്ഥനകളും.

ഞങ്ങളുടെ ആത്മീയ ഉപദേഷ്ടാവും മാർഗദർശിയുമായ ബഹുമാനപ്പെട്ട ഇടവക വികാരി ഹയസിന്ത് അച്ചനും സഹവികാരി ബാബുരാജ് അച്ചനും ഞങ്ങളുടെ ഇടവക കമ്മിറ്റിക്കും നന്ദി അർപ്പിക്കുന്നു. അതോടൊപ്പം വിൻസെന്റ് ഡി പോൾ സൊസൈറ്റി പ്രവർത്തനങ്ങളുടെ ബാല പാഠങ്ങൾ പഠിപ്പിച്ച് ഞങ്ങളെ വഴി നടത്തുന്ന കേന്ദ്ര കമ്മിറ്റി, മേഖല കമ്മിറ്റി ഭാരവാഹികൾക്കും ഹൃദ്യമായ നന്ദിരേഖപ്പെടുത്തികൊണ്ട് ഏവരുടെയും അറിവിനും അംഗീകാരത്തിനുമായി ഈ പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കുന്നു.

**വരവ് ചെലവ് കണക്കുകൾ 2020 ഡിസംബർ മുതൽ 2021 ഡിസംബർ വരെ**

| ക്രമ നമ്പർ | വരവ് | തുക | | ചെലവ് | തുക |
|---|---|---|---|---|---|
| 1 | സംഭാവന | 1849921 | | ക്രിസ്മസ് കിറ്റ് രണ്ടു വർഷം | 267840 |
| 2 | രഹസ്യ പിരിവ് | 52190 | | പൗരോഹിത്യ വാർഷിക ഉപഹാരം രണ്ടു വർഷം | 5806 |
| 3 | മാസവാരി | 6200 | | വിവാഹ ഉപഹാരം | 1219 |
| 4 | ബാങ്ക് പലിശ | 8711 | | കുടുംബാംഗങ്ങളുടെ ഒത്തു ചേരൽ ചെലവ് | 26635 |
| 5 | അംഗങ്ങളിൽ നിന്നും | 26000 | | ദത്തു കുടുംബ സഹായം | 271042 |
| 6 | ലാപ് ടോപ്പ് വായ്പ | 25000 | | വിദ്യാഭ്യാസ സഹായം | 60816 |
| 7 | വായ്പ തിരിച്ചടവ് നിഖിൽ | 14132 | | പൂജയുടെ ചെലവുകൾ | 800 |
| 8 | AC & CC വിഹിതം | 36250 | | ബ്ലഡ് ടെസ്റ്റ് ക്യാമ്പ് ചെലവ് | 1540 |
| 9 | | | | അഗതി മന്ദിരങ്ങൾക്കുള്ള സഹായം | 106137 |
| 10 | | | | വീട് പുനരുദ്ധാരണം | 42504 |
| 11 | | | | ചികിത്സ സഹായം & മെഡിസിൻ | 170703 |
| 12 | | | | കടൽ ക്ഷോഭത്തിൽ വീട് നഷ്ട്ടപെട്ടവർക്കുള്ള സഹായം | 169000 |
| 13 | | | | ജനറൽ ആശുപത്രിക്ക് മാസ്ക് & സാനിറ്റൈസർ | 5200 |
| 14 | | | | വിവാഹ സഹായം | 10000 |
| 15 | | | | ദുരിതാശ്വാസ ക്യാമ്പിലെ ചെലവുകൾ | 44896 |
| 16 | | | | കോവിഡ് കാല കിറ്റ് വിതരണം | 147601 |
| 17 | | | | പാവപ്പെട്ട വിദ്യാർഥികൾക്ക് സ്മാർട്ട് ഫോൺ | 100241 |
| 18 | | | | യാത്ര ചെലവ് | 1700 |
| 19 | | | | മീറ്റിംഗ് ചെലവ് | 4029 |
| 20 | | | | പ്രിന്റിംഗ് & സ്റ്റേഷനറി | 9807 |
| 21 | | | | ബാങ്ക് ചാർജസ് | 252 |
| 22 | | | | കോവിഡ് ലോക്ക് ടൗണിൽ തോപ്പ് ഇടവകയിലെ ദരിദ്രർക്ക് നൽകിയ സഹായം | 112000 |
| 23 | | | | അഞ്ചുതെങ്ങ് ഇടവകയിൽ നൽകിയ സഹായം | 43641 |
| 24 | | | | മാമ്പള്ളി ഇടവകയിൽ നൽകിയ സഹായം | 56481 |
| 25 | | | | പൊഴിയൂർ ഇടവകയിൽ നൽകിയ സഹായം | 48994 |
| 26 | | | | കുന്നുംപുറം ഇടവകയിൽ നൽകിയ സഹായം | 15951 |
| 27 | | | | പൂന്തുറ ഇടവകയിൽ നൽകിയ സഹായം | 34679 |
| 28 | | | | വലിയതുറ ഫെറോനയുടെ മന്ന എന്ന അന്നദാന പരിപാടിക്കുള്ള സഹായം | 15674 |
| 29 | | | | പൂന്തുറ കാർഗിൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ അന്നദാന പരിപാടിക്കുള്ള സഹായം | 15772 |
| 30 | | | | വലിയതുറ ലീജിയൻ ഓഫ് മേരിയുടെ തയ്യൽ പരിശീലന കേന്ദ്രത്തിനുള്ള തയ്യൽ മെഷിൻ | 13600 |
| 31 | | | | നിഖിലിന് ലാപ് ടോപ് വാങ്ങിയത് | 77900 |
| 32 | | | | ഏരിയ കൗൺസിൽ വിഹിതം | 2900 |
| 33 | | | | ലാപ് ടോപ് ലോൺ തിരിച്ചടച്ചത് | 10000 |
| 34 | | | | ICU ബെഡ് വീൽ ചെയർ അറ്റകുറ്റ പണികൾ | 2350 |
| 35 | | | | അംഗങ്ങളിൽ നിന്നുള്ള അഡ്വാൻസ് തിരികെ നൽകിയത് | 7000 |
| 36 | | | | സ്പോൺസർമാർക്കുള്ള ക്രിസ്മസ് കാർഡ്, കേക്ക് | 24560 |
| 37 | | | | മറ്റു ചെലവുകൾ | 2540 |
| | **ആകെ വരവ്** | **1982154** | | **ആകെ ചെലവ്** | **1931810** |
| | മുൻ നീക്കിയിരിപ്പ് | 123690 | | നീക്കിയിരിപ്പ് | 174034 |
| | **ആകെ** | **2105844** | | **ആകെ** | **2105844** |

| | |
|---|---|
| ക്യാഷ് ബാങ്കിൽ | 164131 |
| ക്യാഷ് കൈയ്യിൽ | 9903 |
| **ആകെ** | **174034** |

**സെബാസ്റ്റ്യൻ ക്ലെമന്റ്**
(പ്രസിഡന്റ്)

**ക്ലീറ്റസ് മാർട്ടിൻ**
(ട്രെഷറർ)

**ബെഞ്ചമിൻ സ്റ്റീഫൻ**
(സെക്രട്ടറി)